# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:513        24.07.2015 - ൽ മറുപടിക്ക്

## ജല അതോറിറ്റിയിലെ റണ്ണിംഗ് കോൺട്രാക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയിലെ റണ്ണിംഗ് കോൺട്രാക്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) ജല അതോറിറ്റിയിലെ വിവിധ ജല വിതരണ പദ്ധതികളുടേയും സ്വീവർ ലൈനുകളുടേയും ദൈനംദിന അറ്റകുറ്റപ്പണികൾക്കായി വാർഷിക അടിസ്ഥാനത്തിൽ നിലവിലുള്ള സംവിധാനമാണ് റണ്ണിംഗ് കോൺട്രാക്ട്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ലീക്കുകളും പൈപ്പു പൊട്ടലുകളും മറ്റും കാലതാമസം ഇല്ലാതെ തീർപ്പാക്കാൻ ഈ സംവിധാനം പ്രയോജനകരമാണ്. |
| (ബി) കരാറുകാർ 80 കോടിയോളം രൂപ തട്ടിയെടുത്തെന്ന വാർത്തയെ കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) പ്രസ്തുത വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ അന്വേഷണം നടത്തിയിട്ടില്ല. |
| (സി) അതോറിറ്റിയിലെ ക്രമക്കേടുകൾ തടയാനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (സി) റണ്ണിംഗ് കോൺട്രാക്ട് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1) റണ്ണിംഗ് കോൺട്രാക്ട് സംവിധാനം സുതാര്യവും കുറ്റമറ്റതും ആക്കുന്നതിലേക്കായി ഇ-ടെണ്ടറിംഗ് സംവിധാനം വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയിട്ടുണ്ട്.<br>(2) അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ ആയ ഇൻസിഡന്റ് റിപ്പോർട്ട്, ബിൽ, എസ്റ്റിമേറ്റ്, പണിയുടെ വിശദാംശങ്ങൾ എന്നിവ ഓൺലൈനായി രേഖപ്പെടുത്തുവാൻ 'O&M Bill Monitoring System" എന്ന കമ്പ്യൂട്ടർ സംവിധാനം വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>(3) ഇലക്ട്രിക്കൽ വർക്കുകൾ വാട്ടർ അതോറിറ്റിയുടെ ഇലക്ട്രിക്കൽ വിഭാഗം പരിശോധിച്ച് അംഗീകാരം നൽകിയാൽ മാത്രമേ നിലവിൽ ബില്ല് തുക നൽകുവാൻ സാധിക്കുകയുള്ളൂ. |

(4) കുടിശ്ശിക നിർമ്മാജ്ജനം ചെയ്യുന്ന തിന്റെ ഭാഗമായി മുൻ ബില്ലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലേക്കായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(5) കരാറുകാർക്ക്, ചെയ്ത പ്രവൃത്തികളുടെ തുക അവരവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) കൂടാതെ വാട്ടർ അതോറിറ്റിയുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗം വഴിയും നിലവിലുള്ള ബില്ലുകളുടെ സൂക്ഷ്മ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും കരാർ സംവിധാനവും കുറ്റമറ്റതാക്കുന്നതിലേക്കുള്ള വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ